# Dakshina Kerala Jam-iyyathul Ulama

## ജുമുഅ പ്രഭാഷണം"മദ്റസ ഫലപ്രദമാകാൻ"(29/7/16)

*قُلْ مَن ذَا الَّذِي يَعْصِمُكُم مِّنَ اللَّهِ إِنْ أَرَادَ بِكُمْ سُوءًا أَوْ أَرَادَ بِكُمْ رَحْمَةً ۚ وَلَا يَجِدُونَ لَهُم مِّن دُونِ اللَّهِ وَلِيًّا وَلَا نَصِيرًا (احزاب١٧)

- വിദ്യാഭ്യാസത്തിന് അടിസ്ഥാനപരമായ രണ്ട് വശങ്ങളുണ്ട്.

  1) തിയറി 2) പ്രാക്ടിക്കൽ

സമ്പൂർണ്ണവും ഗുണകരവുമായ അറിവിന് ഇത് രണ്ടും ആവശ്യമാണ്. ഒന്നില്ലാതെ മറ്റൊന്ന് അപൂർണ്ണമായിരിക്കും. ഉദാ: പുസ്തകം വായിച്ച് ഡ്രൈവിംഗിന്റെ തത്വം പഠിച്ചാൽ വാഹനം ഓടിക്കാനാവില്ല/ട്രാഫിക് നിയമം പഠിക്കാതെ വണ്ടി ഓടിക്കാൻ പഠിച്ചാലുമാവില്ല. രണ്ടും വൻ അപകടം ഉണ്ടാക്കും.

- കോളേജിൽ ചേർന്ന് പുസ്തകങ്ങൾ പഠിച്ച് M.B.B.S ഫസ്റ്റ് റാങ്കിൽ പാസായാൽ ഓപ്പറേഷൻ ചെയ്യാനാവില്ല. പോസ്റ്റ്മോർട്ടം നടത്തുന്നയാൾക്ക് സർജറി പറ്റില്ല. പഠനവും പരിശീലനവും ആവശ്യമാണ്.
- അതുകൊണ്ടാണ് "ഇല"യെക്കുറിച്ച് പഠിപ്പിക്കുമ്പോൾ ഇലയോ/ചിത്രമോ കാണിക്കുന്നത്. മത/ഭൗതീക പാഠ പുസ്തകങ്ങളിൽ ചിത്രങ്ങൾ ചേർക്കുന്നതും അതുകൊണ്ടാണ്.
- ദീനീ വിദ്യാഭ്യാസത്തിനും ഈ രണ്ട് വശങ്ങളും അനിവാര്യമാണ്.അതുകൊണ്ടാണ് അല്ലാഹു തന്റെ കലാമിനോടൊപ്പം അത് പഠിപ്പിക്കാൻ റസൂലിനെ അയച്ചത്. നബി(സ്വ) ഖുർആനിന്റെ പ്രാക്ടിക്കലായിരുന്നു. ഉദാ:.

عن سعد بن هشام قلت لأمّ المؤمنين عائشة حدّثني عن خلق رسول الله (ص) قالت ألست تقرأ القرأن قلت بلي فإن خلق نبي الله صلى الله عليه وسلم كان القرآن قال فهممت أن أقوم ولا أسأل أحدا عن شيء حتى أموت (مسلم)

- മറ്റൊരു സംഭവം കൂടി.

عَنِ ابْنِ عَبَّاسٍ ، قَالَ : قَالَ رَسُولُ اللَّهِ: أَمَّنِي جِبْرِيلُ عِنْدَ الْبَيْتِ مَرَّتَيْنِ (أبي داود)

- മിഅ്റാജിന് നിസ്ക്കാരം ഫർളാക്കി. പിറ്റേന്ന് അത് പ്രായോഗികമായി കാണിക്കാൻ ജിബ്രീൽ വന്നു.) ഇതും പ്രാക്ടിക്കലിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്ന സംഭവം.
- നമ്മുടെ മദ്റസകളുടെ കാര്യത്തിലും ഈ രണ്ട് വശവും നിർബന്ധമാണ്. മദ്റസകൾ തിയറി പഠിപ്പിക്കുന്ന സ്ഥലം മാത്രമാണ്. (നിസ്ക്കാരം/വുളൂ/നോമ്പ്/ഭക്ഷണമര്യാദകൾ/ഉറക്കിന്റെ മര്യാദകൾ/കുടുംബബന്ധരീതികൾ...) ഇവ ഉരിവിട്ട് പഠിക്കലാണ് മദ്റസയിൽ.

ഇവക്ക് പ്രാക്ടീസ് ലഭിക്കേണ്ടതുണ്ട്. അത് നടക്കേണ്ടത് വീടുകളിലാണ്.
ഉദാ: നിസ്ക്കാരം.അത് മുടങ്ങാതെ നടക്കുന്ന വീടുകളിൽ കുട്ടികൾ അവ പൂർത്തിയാക്കും.

- സുബ്ഹിക്ക് ഉണരുന്ന വീട്ടിലെ മക്കൾ സുബ്ഹി നിസ്ക്കരിക്കും. മഗ്രിബ്/ഇരാനിസ്ക്കരിക്കാത്ത വീട്ടിൽ മക്കൾ നിസ്ക്കരിക്കില്ല. ഇത് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്..

مُرُوا أَوْلادَكُمْ بِالصَّلاةِ وَهُمْ أَبْنَاءُ سَبْعِ سِنِينَ وَاضْرِبُوهُمْ عَلَيْهَا وَهُمْ أَبْنَاءُ عَشْرٍ وَفَرِّقُوا بَيْنَهُمْ فِي الْمَضَاجِعِ (أبو داود)

- ഇത് വീട്ടിൽ നടക്കാതെ മദ്റസ മാത്രം നന്നായാൽ ഫലമില്ല. പരീക്ഷയിൽ ജയിക്കും. ജീവിതം തോൽക്കും.
- നബി(സ്വ) ശക്തമായി കൽപിച്ച മറ്റൊരു കാര്യമാണ് ഭക്ഷണമര്യാദ. കൊച്ചുകുട്ടികളെ പോലും നബി (സ്വ) ഇത് പഠിപ്പിക്കുമായിരുന്നു.

وعن أبي سلمة كنت غلاما في حجر رسول الله صلى الله عليه وسلم وكانت يدي تطيش في الصحفة فقال لي رسول الله صلى الله عليه وسلم يا غلام سم الله تعالى وكل بيمينك وكل مما يليك فما زالت تلك طعمتي بعد (متفق عليه)

- ഒരു വറ്റ് പോലും വേസ്റ്റാക്കരുത്. താഴെ വീണാൽ എടുക്കണം. നജസ്പുരണ്ടാൽ കഴുകി ഉപയോഗിക്കണം. (ശർഹുമുസ്ലിം 7/226)

ഇതെല്ലാം അഖ്ലാഖിൽ പഠിക്കുന്ന കുട്ടി വീട്ടിൽ കാണുന്നത്. ഇടതുകൈകൊണ്ട് ഭക്ഷണം കഴിക്കുന്നു. ഭക്ഷണം വേസ്റ്റാക്കുന്നു/കുറെ പാത്രത്തിൽ ഉപേക്ഷിക്കുന്നു/ വലിച്ചെറിയുന്നു/ നിന്നും നടന്നും കഴിക്കുന്നു...)

- ഇവിടെയെല്ലാം കാരണക്കാർ മാതാപിതാക്കളാണ്.

مَا مِنْ مَوْلُودٍ إِلاَّ يُولَدُ عَلَى الْفِطْرَةِ، فَأَبَوَاهُ يُهَوِّدَانِهِ أَوْ يُنَصِّرَانِهِ أَوْ يُمَجِّسَانِهِ (بخاري)

- ഇതിന്റെ ഉത്തരവാദിത്വം പരലോകത്ത് ഏറ്റെടുക്കേണ്ടി വരും.

قُلْ مَن ذَا الَّذِي يَعْصِمُكُم مِّنَ اللَّهِ إِنْ أَرَادَ بِكُمْ سُوءًا أَوْ أَرَادَ بِكُمْ رَحْمَةً ۚ وَلَا يَجِدُونَ لَهُم مِّن دُونِ اللَّهِ وَلِيًّا وَلَا نَصِيرًا (احزاب١٧)

- അതുകൊണ്ട് മദ്റസ നല്ലവിധം പ്രവർത്തിപ്പിക്കുക/വീടുകൾ നല്ല അന്തരീക്ഷം സൃഷ്ടിക്കുക.

ശേഷം അവരുടെ നല്ല ഭാവിക്കായി ദുആ ചെയ്തുകൊണ്ടിരിക്കുക.

**NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)**

**തയ്യാറാക്കിയത്:**

**സി.എ. മൂസാ മൗലവി മുവാറ്റുപുഴ.**

**9447465648**